# 'ദൈവത്തോട് അടുക്കുക'

## എബ്രായർ 10:22

"നാം ദുർമനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തുചെല്ലുക."

ദൈവസന്നിധിയിലേക്ക് അടുത്തുചെല്ലാൻ ദൈവം ഒരുവനിൽ നിന്നാഗ്രഹിക്കുന്ന 4 കാര്യങ്ങളെപ്പറ്റിയാണ് അപ്പോസ്തോലനായ പൗലൂസ് പ്രസ്തുത വചനത്തിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നത്. വിശുദ്ധനായ ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലുവാൻ പാപികളായ മനുഷ്യർക്ക് ഒരു യോഗ്യതയുമില്ലായിരുന്നു. എന്നാൽ ദൈവം തന്റെ ഏകജാതനായ പുത്രൻ വഴി അത് സാധ്യമാക്കിത്തന്നു. പഴയനിയമകാലത്ത് മൃഗങ്ങളുടെ രക്തം പാപപരിഹാരത്തിനു കാരണമായപ്പോൾ, നമുക്ക് ക്രിസ്തുവിന്റെ രക്തം വഴി പാപമോചനവും, നിത്യജീവനും ലഭ്യമായി. സൗജന്യമായി നമുക്കു ലഭിച്ച ഈ രക്തത്താലുള്ള വീണ്ടെടുപ്പിന്റെ സാധ്യതകളെ അവകാശപ്പെടണം എന്നാണ് പൗലോസ് നമ്മെ ഓർപ്പിക്കുന്നത്.

ക്രിസ്തുവിന്റെ രക്തത്താലാണ് മനസാക്ഷി ശുദ്ധീകരിക്കപ്പെടുന്നത്. ഒരു വിശ്വാസി ഈ രക്തത്തിന് അവകാശിയും, നിരന്തരമായ ഈ ശുദ്ധീകരണത്തിനു വിളിക്കപ്പെട്ടവരുമാണ്. ദുർമനസാക്ഷിയുള്ളവർക്ക് ദൈവസ്വരം കേൾക്കുവാൻ സാധിക്കുകയില്ല. അതിനാൽ വീണ്ടെടുക്കപ്പെട്ട ഓരോ ദൈവപൈതലും തങ്ങളുടെ ബലഹീനതകളെ ദൈവസന്നിധിയിൽ സമർപ്പിച്ച്, കർത്താവിന്റെ രക്തത്താൽ നിരന്തരം കഴുകപ്പെടലിനു വിധേയരാകുന്നു. രക്തത്താൽ ഹൃദയം തളിക്കപ്പെട്ട നാം ദൈവവചനമാകുന്ന ശുദ്ധജലത്താൽ നമ്മുടെ ശരീരത്തെയും നിരന്തരം കഴുകണം. ഇങ്ങനെ രക്തത്താലും, വചനത്താലും, ഹൃദയത്തെയും, ശരീരത്തെയും കഴുകുന്ന ഒരു വിശ്വാസിക്ക് ദൈവത്തിന്റെ അടുക്കലേക്ക് സദാ ചെല്ലുവാനുള്ള പ്രവേശനം ലഭിക്കുന്നു. Roman 5.6 ൽ ''നാം ബലഹീനർ ആയിരിക്കുമ്പോൾതന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു''. ദൈവത്തിന്റെ നമ്മോടുള്ള സ്നേഹത്തിന്റെ പ്രതിഫലനമാണിത്. അങ്ങനെയെങ്കിൽ നാം അത് പൂർണ്ണമായി വിശ്വസിച്ച് ഏറ്റെടുക്കണം. ഈ നിശ്ചയം പ്രാപിച്ച നാം നമ്മുടെ ഹൃദയത്തെ നിഷ്കളങ്കമായി സൂക്ഷിക്കുകയും വേണം. ദൈവം

ഒരിക്കലും കപടത ഇഷ്ടപ്പെടുന്നില്ല. അവൻ നമ്മോടു വിശ്വസ്തനായിരിക്കുന്നതുപോലെ നമുക്കും വിശ്വസ്തരായിരിക്കാം. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല.

അതുകൊണ്ട് പ്രിയരേ, വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിലേക്ക് സ്വാതന്ത്ര്യത്തോടെ കടന്നു ചെല്ലുവാൻ, ഹൃദയങ്ങളെ യേശുവിന്റെ രക്തത്താൽ കഴുകി, വചനത്തിൽ ആശ്രയിച്ച്, പൂർണ്ണവിശ്വാസത്തോടെ, ഹൃദയപരമാർത്ഥതയോടെ ആയിരിക്കാം. നമ്മുടെ ദേഹം, ദേഹി, ആത്മാവുകൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുന്നവരായിരിക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:

യാക്കോബ് 4:8

ദൈവത്തോട് അടുത്തു ചെല്ലുവിൻ, എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും. പാപികളേ, കൈകളേ വെടിപ്പാക്കുവിൻ, ഇരുമനസ്സുള്ളവരേ ഹൃദയങ്ങളെ ശുദ്ധീകരിക്കുവിൻ.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 012**